**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2524** **15-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. പ്രതിമാസ ബില്ലിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യിൽ പ്രതിമാസ ബില്ലിംഗ് ഏർപ്പെടുത്തുന്ന പദ്ധതിയുടെ വിശദാംശവും ഗുണങ്ങളും വ്യക്തമാക്കുമോ? | (എ) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടം 2(18) പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതിനുള്ള കാലാവധി നിശ്ചയിക്കേണ്ടത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. നിലവിൽ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ല് നൽകുവാനുള്ള (ഇപ്പോൾ ദ്വൈമാസ ബില്ല് നൽകുന്ന ഉപഭോക്താക്കൾക്ക്) നിർദ്ദേശങ്ങൾ ഒന്നും ഇതുവരെ റെഗുലേറ്ററി കമ്മീഷൻ നൽകിയിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരണത്തിനായി സമർപ്പിച്ച നിർദ്ദേശങ്ങളിൻമേൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നടത്തിയ തെളിവെടുപ്പിൽ ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ലുകൾ നൽകണമെന്ന ആവശ്യം ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ നിർദ്ദേശങ്ങൾ എല്ലാം റെഗുലേറ്ററി കമ്മീഷൻ പരിഗണിച്ചാണ് താരിഫ് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ദ്വൈമാസ ബില്ലിംഗിന് പകരം പ്രതിമാസ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്താനുള്ള സാധ്യത കെ.എസ്.ഇ.ബി.എൽ-ഉം പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ